Draft #4 of File 14396/AC A7/3/2019/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 19-Oct-2019 09:32 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ-കോളേജുകളിലെ അക്കാദമിക സൗകര്യങ്ങളെക്കുറിച്ച് സമർപ്പിക്കപ്പെട്ട പരാതി സംബന്ധിച്ച്:-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 5053/AC A 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2019

---

പരാമർശം:-1)ഉന്നതവിദ്യാഭ്യാസവകുപ്പ് Endorsement No. HEDN-B4/117/2019-HEDN dtd. 09/04/2019 മുഖേന കോളേജുകളിലെ അക്കാദമിക സൗകര്യങ്ങളെക്കുറിച്ച് സമർപ്പിക്കപ്പെട്ട പരാതി

2)2019 ഒക്ടോബർ അഞ്ചാം തിയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ :33/19.08/14396/AcA7/3/2019

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്വാശ്രയ കോളേജുകളിൽ മതിയായ അക്കാദമിക സൗകര്യങ്ങൾ നിലവിലില്ല എന്നാരോപിച്ച് സെക്രട്ടറി, പേരന്റ് ടീച്ചർ അസോസിയേഷൻ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം,പിൻ-686560, കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്ന 200 അഫിലിയേറ്റഡ് അൺ എയ്ഡഡ് കോളേജുകളിലായി സർവ്വകലാശാലയിലെ 70-75 % റെഗുലർ കുട്ടികൾ പഠിക്കുന്നുണ്ടെന്നും അൺ എയ്ഡഡ് കോളേജുകളിൽ ഏകദേശം 15,000 കുട്ടികൾ പഠിക്കുകയും 7000 അദ്ധ്യാപകർ പഠിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും ടി കോളേജുകളിൽ പഠിപ്പിക്കുന്ന നിരവധി അദ്ധ്യാപകർ യു.ജി.സി/ ഗവണ്മെന്റ് നിഷ്കർഷിച്ചിരിക്കുന്ന മതിയായ യോഗ്യതകൾ ഇല്ലാത്തവരാണെന്നും, 80-85 % പരീക്ഷാ, മൂല്യനിർണയ ഡ്യൂട്ടികൾ യോഗ്യതയില്ലാത്ത അദ്ധ്യാപകർ ചെയ്യുന്നുണ്ടെന്നും പരാതിയിൽ ആരോപിച്ചിരിക്കുന്നു. നിരവധി കോളേജുകൾ മതിയായ സ്ഥലം, കെട്ടിടം, ക്ലാസ് മുറി, ലാബ് എന്നിവയില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും, കോളേജുകളുടെ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസും, അദ്ധ്യാപകരുടെ യോഗ്യതകളും പരിശോധിക്കാതെ കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നുവെന്നും, കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വ്യക്തമായ വിവരങ്ങൾ സർവ്വകലാശാല സൂക്ഷിക്കുന്നില്ലെന്നും ടി പരാതിയിൽ ആരോപിച്ചിരിക്കുന്നു. സർവ്വകലാശാലയിലെ അഫിലിയേറ്റഡ് സ്വാശ്രയ കോളേജുകളിലെ ഭൂരിഭാഗം അദ്ധ്യാപകരും യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാത്തവരാണെന്നും അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളജ് മാനേജ്മെന്റുകൾ കുട്ടികളിൽ നിന്നും അമിതമായ ഫീസുകൾ/ഡൊണേഷൻ എന്നിവ വാങ്ങുന്നത് സംബന്ധിച്ചും, കോളേജുകളിലെ അദ്ധ്യാപകർക്ക് മതിയായ ശമ്പളം കൊടുക്കുന്നില്ല,

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സർവ്വകലാശാലയിലെ അദ്ധ്യാപകരിൽ 70% ജോലി ചെയ്യുന്ന അൺ എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപകർക്ക് 5000-10000 രൂപ മാത്രമേ ശമ്പളം നൽകുന്നുള്ളൂ എന്നും പരാതിയിൽ ആരോപിച്ചിരിക്കുന്നു. നിശ്ചിത യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിക്കുന്ന കോളേജുകൾക്കും, മതിയായ സ്ഥല സൗകര്യങ്ങൾ, സ്വന്തമായ ബിൽഡിംഗ് എന്നിവയില്ലാത്ത കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത് വഴി സർവ്വകലാശാല യു.ജി.സി/ഗവണ്മെന്റ് നിബന്ധനകൾ പാലിക്കുന്നില്ലെന്നും,സർവ്വകലാശാല അഫിലിയേഷൻ ദീർഘിപ്പിച്ചു നൽകുന്ന പ്രക്രിയയിൽ ക്രമക്കേട് നടക്കുന്നുണ്ടെന്നും, ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നു. 2019 ഒക്ടോബർ അഞ്ചാം തിയതി കൂടിയ സിൻഡിക്കേറ്റ് യോഗം ടി വിഷയം പരിഗണിക്കുകയും പരാമർശം (2) പ്രകാരം താഴെ പറയുന്ന തീരുമാനം എടുക്കുകയും ചെയ്തിരിക്കുന്നു.

"സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്വാശ്രയ കോളേജുകളിൽ മതിയായ അക്കാദമിക സൗകര്യങ്ങൾ നിലവിലില്ല എന്നാരോപിച്ച് സെക്രട്ടറി, പേരന്റ് ടീച്ചർ അസോസിയേഷൻ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം,പിൻ-686560 നൽകിയ പരാതിയിന്മേൽ 2020-21 വർഷത്തെ അഫിലിയേഷൻ പുതുക്കലുമായി ബന്ധപ്പെട്ട് കമ്മീഷൻ കോളേജ് പരിശോധന നടത്തുമ്പോൾ വിശദമായി പരിശോധന നടത്താൻ തീരുമാനിച്ചു."

തദനുസരണം ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1)സെക്രട്ടറി, പേരന്റ് ടീച്ചർ അസോസിയേഷൻ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം,പിൻ-686560
2)വി. സി. /പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3) രജിസ്ട്രാർ/എഫ്.ഓ. /സി.ഇ. എന്നിവരുടെ പി.എ.
4)ജെ.ആർ 2 (ഭരണവിഭാഗം) /ഡി.ആർ 1 / എ.ആർ 1(അക്കാദമിക് )
5) എസി.സി. (സിൻഡിക്കേറ്റ് സെക്ഷൻ)
6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യു.എ.സി.
7) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Draft #4 of File 14396/AC A7/3/2019/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 19-Oct-2019 09:32 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം